# അല്ലാഹുവിന്റെ മുഖം

**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ (رحمه الله)
**ഗ്രന്ഥം:** فتح رب البرية بتلخيص الحموية
**വിവർത്തനം:** ഹംസ ജമാലി

ഈ വിഷയത്തിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅ:യുടെ വിശ്വാസം അല്ലാഹുവിന് അനുയോജ്യമായ മഹത്വവും ഉദാരതയുള്ള യഥാർത്ഥത്തിൽ മുഖമുണ്ട് എന്നാകുന്നു. വിശുദ്ധ ഖുർആനും സുന്നത്തും സ്ഥിരീകരിച്ച കാര്യമാണിത്. അല്ലാഹു പറയുന്നു:

وَيَبْقَىٰ وَجْهُ رَبِّكَ ذُو ٱلْجَلَٰلِ وَٱلْإِكْرَامِ

''മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്.'' (അർറഹ്മാൻ: 27)

നബി(ﷺ) ഇപ്രകാരം പ്രാർത്ഥിച്ചതായി ഇമാം നസാഈ റിപ്പോർട്ട് ചെയ്തതായി കാണാം:

وأسألك لذةَ النظر إلى وجهك والشوق إلى لقائك

''നിന്റെ മുഖത്തേക്കു നോക്കിയുള്ള ആനന്ദവും നിന്നെ കണ്ടുമുട്ടുന്നതിലുള്ള അതിയായ ആഗ്രഹവും ഞാൻ നിന്നോട് ചോദിക്കുന്നു.'' (സ്വഹീഹുന്നസാഈ: 1305)

അപ്പോൾ അല്ലാഹുവിന്റെ മുഖം അവന്ന് അനുയോജ്യമായ നിലയിൽ യഥാർത്ഥത്തിലുള്ളതും അവന്റെ സത്താപരമായ ഗുണങ്ങളിൽപെട്ടതുമാണെന്ന് മനസ്സിലാക്കാം.

അല്ലാഹുവിന്റെ മുഖമെന്നതിന്റെ അർത്ഥം പ്രതിഫലമാകുന്നുവെന്ന് ഭേദഗതി ചെയ്യൽ പല കാരണങ്ങൾകൊണ്ട് ശരിയാവുകയില്ല. അവയിൽ ചിലത്:

**ഒന്ന്:** ഇത് വ്യക്തമായ പ്രമാണത്തിന് വിരുദ്ധമാകുന്നു. ഇതിന് വിരുദ്ധമാകുന്നതിന് തെളിവ് ആവശ്യമാകുന്നു. അതിന് ആവശ്യമായ തെളിവില്ലാ എന്നതാണ് വാസ്തവം.

**രണ്ട്:** പ്രമാണങ്ങളിൽ മുഖത്തെ അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞിരിക്കുന്നു. അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞത് ഒന്നുകിൽ സ്വയം (മറ്റൊന്നിനോടൊപ്പമല്ലാതെ)നില നില്ക്കുന്നതായിരിക്കും, അല്ലെങ്കിൽ സ്വയം നില നില്ക്കാത്തതായിരിക്കും. ഇങ്ങനെ സ്വയം നിലനിൽക്കുന്നതാണെങ്കിൽ അത് സൃഷ്ടിയാകുന്നു. ഉദാഹരണം അല്ലാഹുവിന്റെ ഭവനം, അല്ലാഹുവിന്റെ ഒട്ടകം എന്ന് പറയുന്നതു പോലെ. ഇവ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പെട്ടതല്ല. അവ അല്ലാഹുവിലേക്ക് ചേർത്തു പറയുന്നത് ഒന്നുകിൽ ഉൽകൃഷ്ടമായതിനാലോ

അല്ലെങ്കിൽ ഉടമസ്ഥനിലേക്കോ സ്രഷ്ടാവിലേക്കോ ചേർത്ത് പറയുന്നതുകൊണ്ടാണ്. ഇനി സ്വയം നിലനിൽക്കുന്നതല്ലെങ്കിൽ അത് അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പെട്ടതാകുന്നു. അഥവാ സൃഷ്ടിയല്ല. ഉദാഹരണത്തിന്; അല്ലാഹുവിന്റെ അറിവ്, അവന്റെ കഴിവ്, അവന്റെ പ്രതാപം, അവന്റെ സംസാരം, അവന്റെ കൈ, അവന്റെ കണ്ണ് പോലുള്ളവ. അവ സ്വയം നിലനിൽക്കുന്നതല്ല. അവ അല്ലാഹുവിന്റെ ദാത്തുമായി ബന്ധപ്പെട്ടവയായതിനാൽ അവയൊന്നുംതന്നെ സൃഷ്ടിയല്ല. അല്ലാഹുവിന്റെ മുഖവും ഇപ്രകാരം തന്നെയാണെന്നതിൽ സംശയമില്ല. ഇത് അല്ലാഹുവിലേക്ക് ചേർത്തു പറയുന്നത് ആ വിശേഷണത്തെ വിശേഷ്യത്തിലേക്ക് ചേർത്തു പറയുന്നതു പോലെയാണ്.

**മൂന്ന്:** അല്ലാഹുവിന്റെ പ്രതിഫലമെന്നത് സൃഷ്ടിയും അവനിൽനിന്ന് വേറിട്ടു നിൽക്കുന്നതുമാകുന്നു. അവന്റെ മുഖമാകട്ടെ വിശേഷണങ്ങളിൽപെട്ടതും സൃഷ്ടിയല്ലാത്തതും അവനിൽ നിന്ന് വേറിട്ട് നിൽക്കാത്തതുമാകുന്നു. എന്നിരിക്കെ പിന്നെങ്ങനെയാണ് മുഖത്തിന് പ്രതിഫലമെന്ന് വ്യാഖ്യാനം കൽപിക്കാൻ സാധിക്കുക?

**നാല്:** അല്ലാഹുവിന്റെ മുഖം മഹത്വവും ഉദാരതയും കൊണ്ട് പ്രമാണങ്ങളിലൂടെ വിശേഷിപ്പിക്കപ്പെട്ടതാകുന്നു. മാത്രവുമല്ല, അല്ലാഹുവിന്റെ മുഖത്തിന് അഭയം തേടാവുന്ന ഒരു പ്രകാശവും[1] അവന്നും സൃഷ്ടികൾക്കുമിടയിലെ മറ നീക്കിക്കൊണ്ട് അവന്റെ ദൃഷ്ടി സൃഷ്ടികളിൽ പതിക്കുന്ന ഭാഗം കരിച്ചു കളയുന്നതായ പ്രഭാവവുമുണ്ട്.[2] ഈ വിശേഷണങ്ങളെല്ലാം മുഖം കൊണ്ടുള്ള വിവക്ഷ പ്രതിഫലമാണെന്ന് പറയുന്നതിന് തടസ്സമാകുന്നു.

[1] ളഈഫുൽ ജാമിഅ്: 1182

[2] മുസ്‌ലിം: 263